ഉത്തരം

(എ) ഏഴുപേർ.

(ബി) അംഗവൈകല്യം ആർക്കും സംഭവിച്ചിട്ടില്ല.

(സി) ഉണ്ട്. ജില്ലാകളക്ടറുടെ ഫണ്ടിൽ നിന്നും ആയിരം രൂപാ വീതവും സർക്കാർ മുപ്പതിനായിരം രൂപാ വീതവും ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) പോലീസ് വകുപ്പ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഈ കേസ് കോടതിയിൽ ചാർജ്ജ് ചെയ്ത് വിചാരണ നടന്നുവരുന്നു.

2003-04-ലെ വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക

75 [T358] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ 2003-04-ലെ വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയായിരുന്നു;

(ബി) 2002-03-നെ അപേക്ഷിച്ച് 2003-04-ലെ വാർഷിക പദ്ധതിയുടെ അടങ്കലിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) 2003-04-ലെ വാർഷിക പദ്ധതി തുകയിൽ എന്ത് തുക 31-12-2003 വരെ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോ മേഖലയ്ക്കും പ്രസ്തുത വർഷം നീക്കിവച്ച തുക എത്ര; ഇതിനകം ചെലവഴിച്ച തുക എത്രവീതമെന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) 2003-04-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക ബഡ്ജറ്റ് പ്രകാരം 4350 കോടി രൂപയാണ്. ഇത് മുഖ്യമന്ത്രിതല ചർച്ചയിൽ 4430.25 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2002-03-ലെ വാർഷിക പദ്ധതി അടങ്കൽ തുകയെ അപേക്ഷിച്ച് 18.14 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കണക്കുകൾ ലഭ്യമായിട്ടില്ല.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നീക്കിവച്ച തുക		(തുക ലക്ഷത്തിൽ)
കൃഷിയും ബന്ധപ്പെട്ട സർവീസുകളും	-	21064
ഗ്രാമവികസനം	-	33324
സഹകരണം	-	1500
ജലസേചനവും വെള്ളപ്പൊക്കനിയന്ത്രണവും	-	14100
വൈദ്യുതി	-	63000
വ്യവസായവും ധാതുക്കളും	-	24277
ഗതാഗതവും വാർത്താവിനിമയവും	-	39830
ശാസ്ത്രസർവീസുകളും ഗവേഷണവും	-	3750
സാമൂഹ്യവും സാമൂഹ്യ ക്ഷേമപരമായ സർവീസുകളും	-	86368
സാമ്പത്തിക സർവീസുകൾ	-	20745
ജനറൽ സർവീസുകൾ	-	3367
തദ്ദേശസ്വയംഭരണ സർക്കാരുകൾക്ക് പ്രാദേശിക ആസൂത്രണത്തിനുള്ള പദ്ധതി വിഹിതം	-	131700
ആകെ	-	**443025**

ചെലവായ തുകയുടെ കണക്കുകൾ ലഭ്യമായിട്ടില്ല.

എക്സൈസ് ഗാർഡുമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ്

76 [359] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള എക്സൈസ് ഗാർഡുമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) ഇതിൽ നിന്ന് എത്ര പേർക്കാണ് ഇതിനകം നിയമനം ലഭിച്ചിട്ടുള്ളത്;

(സി) ബാക്കിയുള്ളവർക്ക് എന്നേക്ക് നിയമനം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly